# വചന വിചിന്തനം

## നാലാം ഞായർ

### യോഹ 2,1-11

"പൊട്ടിയിട്ടും കൂട്ടികെട്ടിയ പഴയൊരു
"ജപമാല"
വീട്ടിലുണ്ടായിരുന്നു..."
ആ ജപമാലയുടെ പേരാണ് "അമ്മ!"

മറിയത്തിന്റെ മാദ്ധ്യസ്ഥ്യം അനുഗ്രഹമാണെന്ന് ഓർമ്മപ്പെടുത്തുന്ന വലിയ വചനഭാഗം, "കാനായിലെ വിവാഹവിരുന്ന്." കാനായിലെ വിവാഹവീട്ടിൽ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിൻെറ അമ്മ മകനോടു പറഞ്ഞു

"അവർക്കു വീഞ്ഞില്ല."

അവൻെറ അമ്മ പരിചാരകരോടു പറഞ്ഞു,

"അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ."

"ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ" യേശു അവരോടു കൽപിച്ചു.

അവർ അവയെല്ലാം വക്കോളം നിറച്ചു.

"ഇനി പകർന്നു കലവറക്കാരൻെറ അടുത്തു കൊണ്ടുചെല്ലുവിൻ" അവൻ പറഞ്ഞു. കലവറക്കാരൻ വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചു നോക്കി. അവൻ മണവാളനെ വിളിച്ചു പറഞ്ഞു,

"എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു, അതിഥികൾക്കു ലഹരിപിടിച്ചുകഴിയുമ്പോൾ താഴ്ന്നതരവും. എന്നാൽ, നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ."

ജീവിതത്തിന്റെ കൽഭരണികൾ വറ്റുമ്പോൾ അവൻ (ക്രിസ്തു) പറയുന്നതുപോലെ ചെയ്ത് അനുഗ്രഹങ്ങൾ ധന്യമാക്കാൻ കഴിയണം.

കാനായിലെ വിവാഹവീട് മാതാവിന്റെ മാദ്ധ്യസ്ഥ്യം സമ്മാനിക്കുന്ന ഇടമാക്കി മാറ്റുമ്പോൾ സുവിശേഷകൻ വരികൾക്കിടയിലൂടെ പറഞ്ഞു വയ്ക്കുന്നത് മാതാവിന്റെ അങ്കിക്കുള്ളിൽ അഭയം തേടുന്നവരെ അമ്മ പൊന്നുപോലെ കാക്കുന്നു എന്നതാണ്. കരയുന്നവരുടെ കണ്ണുനീർ കാണുവാനുള്ള അമ്മമാരുടെ കഴിവ് കുടുംബത്തെ അലംകരിക്കുമ്പോൾ കാനായിലെ വിവാഹവീട്ടിൽ വധൂവരൻമാരുടെയും അവരുടെ കാർന്നോമാരുടെയും കണ്ണുനീർ കണ്ടത് പരിശുദ്ധ കന്യകാമറിയം മാത്രമാണ്. അവൾ കാനായിലെ വിവാഹവീടിന്റെ ഗദ്ഗദം കണ്ടു, കേട്ടു എന്നുള്ളതു മാത്രമല്ല, മറിച്ച്, അവൾ കണ്ട കണ്ണുനീരിന് പരിഹാരവും നിർദ്ദേശിച്ചു എന്നുള്ളതാണ് മാതാവിന്റെ മഹത്വം വെളിവാക്കുന്നത്. കണ്ണുനീർ കാണാൻ എളുപ്പമാണ്. പക്ഷെ, കണ്ട കണ്ണുനീരിന് പരിഹാരം നിശ്ചയിക്കുക എന്നത് തികച്ചും ക്ലേശകരം തന്നെ. അമ്മയുടെ മാദ്ധ്യസ്ഥ്യത്തിൽ മകൻ അൽഭുതം വിളയിക്കുന്നു. നല്ല അമ്മയിൽ നിന്ന് നല്ല മകൻ!

മൂന്ന് പെണ്ണുങ്ങൾ കിണറിൽ നിന്ന് വെള്ളം കോരുകയാണ്. നാട്ടുവിശേഷങ്ങളെല്ലാം പറഞ്ഞ് ഏറെ സന്തോഷത്തോടെ കിണറ്റിൽ നിന്ന് വെള്ളം കോരുമ്പോൾ അതിലൊരുവളുടെ മകൻ സ്കൂൾ വിട്ട് അതുവഴി വന്നു. അവൾ അഭിമാനത്തോടെ മകനെ ചൂണ്ടി കാണിച്ചിട്ട് പറഞ്ഞു,

"ആ പോകുന്നതു എന്റെ മോനാ, കാർമ്മൽ ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് പഠിക്കുന്നത്. ക്ലാസിലെ ഫസ്റ്റാണ്. അദ്ധ്യാപകരെല്ലാം അഭിമാനത്തോടെയാണ് അവനെ

കുറിച്ച് പറയുന്നത്. അതു കേൾക്കുമ്പോൾ വലിയ സന്തോഷമാണ്. മറ്റു കുട്ടികൾക്കെല്ലാം മാതൃകയായി അവനെയാണ് അദ്ധ്യാപകർ കാണിച്ചു കൊടുക്കാറ്. അവൻ തന്നെയാണ് ക്ലാസിലെ ലീഡറും."

അതു കേട്ടപ്പോൾ അവന് വലിയ സന്തോഷമായി. ഒപ്പം, അമ്മയ്ക്കും. കാരണം, മറ്റുള്ളവരുടെ മുമ്പിൽ വലിയ അളാകാൻ കിട്ടിയ അവസരം നന്നായി ഉപയോഗിച്ചതിന്റെ ചാരുതാർത്ഥ്യം അവളുടെ മുഖത്ത് തിളങ്ങിയിരുന്നു. ഇതും കേട്ട് അവൻ കുറച്ച് കഴിഞ്ഞപ്പോൾ വീട്ടിലേയ്ക്ക് പോയി.

കുറച്ച് നേരം കഴിഞ്ഞപ്പോൾ രണ്ടാമത്തവളുടെ മോനും അതുവഴി കടന്നു വന്നു.

അവൾ പറഞ്ഞു,

"എന്റെ മോൻ ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് പഠിക്കുന്നെ. അവൻ ഏഴാം ക്ലാസിലാണ് പഠിക്കുന്നത് എങ്കിലും കഴിഞ്ഞ ദിവസം നടന്ന ഐ.ക്യു. ടെസ്റ്റിൽ അവൻ പത്താം ക്ലാസ്സുക്കാരെയും പിന്തള്ളി. അത്രമാത്രം ബുദ്ധി അവനുണ്ട്. സമ്മാനം വാങ്ങിക്കാൻ ഞങ്ങളും പോയിരുന്നു. സമ്മാനം വാങ്ങച്ചപ്പോൾ വലിയ സന്തോഷവും അഭിമാനവും തോന്നി അവനെയോർത്ത്."

കുറച്ച് കഴിഞ്ഞപ്പോൾ മൂന്നാമത്തവളുടെ മകൻ ആ വഴിയെ വന്നപ്പോൾ അമ്മ വെള്ളം കോരുന്നത് കണ്ടു. അവൻ അമ്മയുടെ അരികിലേക്ക് വന്നു. എന്നിട്ട്, അമ്മയുടെ കയ്യിൽ നിന്ന് കുടം വാങ്ങി അതിൽ വെള്ളം നിറച്ച് തലയിൽ വച്ചിട്ടു പറഞ്ഞു,

"വാ അമ്മേ വീട്ടിൽ പോകാം..."

ആ മകനെ കാണിച്ച് അമ്മ പറഞ്ഞു,

"ഇത് എന്റെ ആകെയുള്ള മകനാണ്. ഞങ്ങൾക്ക് ദാരിദ്രം ആയതുകൊണ്ട് ഇവനെ വിദ്യാലയത്തിൽ വിട്ട് പഠിപ്പിക്കാൻ എനിക്ക് പണമില്ല. അതുകൊണ്ട്, ഞാൻ തന്നെയാണ് ഇവനെ പഠിപ്പിക്കുന്നത്."

ആരോ എഴുതിയ നല്ല കഥയാണിത്. കഥയ്ക്കവസാനം രണ്ട് ചോദ്യങ്ങൾ കഥാകർത്താവ് സമ്മാനിക്കുന്നു.

1. ഏത് മകനാണ് നല്ലത് ചെയ്തത്?

2. നല്ലത് ചെയ്ത മകനെ പഠിപ്പച്ചത് ആരാണ്?

പഴഞ്ചൊല്ലിൽ പതിരില്ലെങ്കിൽ മലയാളത്തിൽ പറയും, "വിത്തു ഗുണം പത്തു ഗുണം." തത്തുല്യമായ വാക്യം വചന ഗ്രന്ഥത്തിലുമുണ്ട്, "ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാം. നല്ല വൃക്ഷം നല്ല ഫലങ്ങളും, ചീത്ത വൃക്ഷം ചീത്ത ഫലങ്ങളും പുറപ്പെടുവിക്കുന്നു." ജീവിതത്തിൽ വിജയിച്ച് നിൽക്കുന്ന മക്കളുടെയെല്ലാം പുറകിലെ നിഴലിനെ ശ്രദ്ധിച്ചാൽ അതൊരു സ്ത്രീ രൂപമാണ്. ആ സ്ത്രീ രൂപത്തിന്റെ പേരാണ്, "അമ്മ."

തോമസ് ആൽവാ എഡിസന്റെ ജീവിതത്തിൽ നിന്ന് ഒരേട്.

ഒരു ദിവസം വൈകുന്നേരം സ്കൂൾ വിട്ടുവന്ന തോമസ് ആൽവാ എഡിസൺ അമ്മയ്ക്കു നേരേ ഒരു പേപ്പർ നീട്ടിക്കൊണ്ട് പറഞ്ഞു. "അമ്മേ ദാ..ഈ കത്ത് അമ്മയ്ക്കു തരാൻ ക്ലാസ് ടീച്ചർ പറഞ്ഞു." ആകാംക്ഷയോടെ എഡിസന്റെ അമ്മ ആ കത്ത് വാങ്ങി. കത്തിലൂടെ കണ്ണോടിച്ച എഡിസന്റെ അമ്മയുടെ മുഖം മങ്ങി.

ഈ ഭാവമാറ്റം കണ്ട എഡിസൺ ചോദിച്ചു, "എന്താ അമ്മേ ഈ കത്തിൽ?'.

ഉടനെ ചെറുതായി പുഞ്ചിരിച്ചുകൊണ്ട് അമ്മ ആ കത്ത് ഉറക്കെ വായിച്ചു. "നിങ്ങളുടെ മകൻ അസാമാന്യ കഴിവുകളുള്ള ഒരു കുട്ടിയാണ്. ഈ ചെറിയ സ്കൂളിലെ അധ്യാപകരോ സൗകര്യങ്ങളോ അവനെ നന്നായി പഠിപ്പിക്കാൻ മതിയാവില്ല. നിങ്ങൾ തന്നെ കൂടുതൽ സമയം അവനെ പഠിപ്പിക്കുന്നതാകും ഉചിതം."

നാളുകൾ കടന്നുപോയി, മാസങ്ങളും, വർഷങ്ങളും കഴിഞ്ഞു. എഡിസൺ

*സ്വപ്നം നഷ്ടപ്പെടുന്നവർക്ക് വേണ്ടി മിഴികൾ ഈറനണിയിക്കുന്നവർക്കു വേണ്ടി അമ്മയെപ്പോലെ മാദ്ധ്യസ്ഥം യാചിക്കാൻ സാധിക്കണം.*

ലോകമറിയുന്ന നൂറ്റാണ്ടിലെ തന്നെ മികച്ച ശാസ്ത്രജ്ഞനായി മാറി. ഒരു ദിവസം വീട്ടിലെ പഴയ സാധനങ്ങള്‍ അടുക്കി വൃത്തിയാക്കിക്കൊണ്ടിരിക്കേ എഡിസണ്‍ മടക്കിയ ഒരു പഴയ പേപ്പര്‍ കഷണം കിട്ടി. എഡിസണ്‍ അതെടുത്ത് നോക്കി. അന്ന് തന്റെ ടീച്ചര്‍ അമ്മയ്ക്കായി കൊടുത്തുവിട്ട കത്തായിരുന്നു അത്. എഡിസണ്‍ അത് വായിച്ചു നോക്കി. അതില്‍ ഇങ്ങനെ എഴുതിയിരുന്നു,

"നിങ്ങളുടെ മകന്‍ ബുദ്ധിയില്ലാത്ത ഒരു കുട്ടിയാണ്. ഇവനെ പഠിപ്പിച്ച് സമയം കളയാന്‍ ഞങ്ങള്‍ക്കാവില്ല. ദയവായി ഇനി ഇവനെ ഈ സ്കൂളിലേയ്ക്ക് അയയ്ക്കരുത്."

ഇത് വായിച്ചശേഷം എഡിസണ്‍ മണിക്കൂറുകള്‍ ഒറ്റയ്ക്കിരുന്നു വാവിട്ടു കരഞ്ഞു. അവസാനം അയാള്‍ തന്റെ പഠനമുറിയിലെ മേശയില്‍ നിന്നും ഡയറിയെടുത്ത് ഇങ്ങനെ കുറിച്ചു,

"ബുദ്ധിയില്ലാത്ത എഡിസണെ ലോകത്തിന് മുന്നില്‍ മഹാനാക്കിയ എന്റെ അമ്മയാണ് യഥാര്‍ത്ഥ ധീര വനിത."

മാതാവിന്റെ മാദ്ധ്യസ്ഥ്യം ശക്തമാണെന്ന് കാണിക്കുന്നതിനോടൊപ്പം അനുഗ്രഹങ്ങള്‍ക്ക് വേണ്ടി മാതാവിന്റെ മുമ്പില്‍ നീട്ടിയ കരങ്ങളുമായ് നില്‍ക്കുന്നവര്‍ക്ക് അമ്മ കാണിച്ചു കൊടുക്കുന്നത് സ്വന്തം മകനെയാണ് - ക്രിസ്തുവിനെ തന്നെ. കാരണം, അമ്മയ്ക്കറിയാം, അവനെ കാണിച്ചു കൊടുത്താല്‍ അവന്‍ പറയുന്നതു പോലെ അനുസരിച്ചാല്‍ അവിടെ സമൃദ്ധി ഉണ്ടാകുമെന്നും, ഒപ്പം, ദൈവാനുഗ്രഹ മുണ്ടാകുമെന്നും.

മാതാവ്,
ജീവിതത്തില്‍
എവിടെ ആയാലും
നന്മകള്‍ ചെയ്യാന്‍
തീക്ഷ്ണതയോടെ
ഓടിനടന്നവള്‍.
അനുകരിക്കേണ്ട
വ്യക്തിത്വം.

കാനായിലെ വിവാഹവീട്ടില്‍ വീഞ്ഞു തീര്‍ന്നുപോയപ്പോള്‍ യേശുവിന്‍െറ അമ്മ ആ കുടുംബത്തിന്റെ കണ്ണുനീര്‍ ഒപ്പുന്നതിന് മകനോടു ചെന്നു പറഞ്ഞു,

"മോനെ, അവര്‍ക്കു വീഞ്ഞില്ല."

തുടര്‍ന്ന്, അവന്‍ പറയുന്നതൊന്നും അള്‍ ശ്രദ്ധിക്കുന്നില്ല. മറിച്ച്, അവള്‍ തന്റെ പരിചാരകരോടു പറഞ്ഞു,

"അവന്‍ (ക്രിസ്തു) നിങ്ങളോടു പറയുന്നതു ചെയ്യുവിന്‍."

ക്രിസ്തുവിനെ അവള്‍ കാണിച്ചു കൊടുത്തു. അവന്‍ പറയുന്നതു പോലെ വീട്ടുക്കാര്‍ അനുസരിച്ചു. അവിടെ സമൃദ്ധി ഉണ്ടായി. ഫലമോ, ദൈവാനുഗ്രഹം അവിടെ തളം കെട്ടി നിന്നു.

"അവര്‍ക്കു വീഞ്ഞില്ല..." രണ്ടു വാക്കുകളാണ് ഉള്ളതെങ്കിലും ഇത്രയും മനോഹരമായ മാദ്ധ്യസ്ഥ്യം, പ്രാര്‍ത്ഥന ലോകം കണ്ടിട്ടില്ല. ഇന്നും പ്രാര്‍ത്ഥിക്കേണ്ട പ്രാര്‍ത്ഥനയും മാദ്ധ്യസ്ഥ്യവും ഇതു തന്നെയാണ്, "അവര്‍ക്കു വീഞ്ഞില്ല..." ഇവിടെ, വീഞ്ഞിന്റെ സ്ഥാനത്ത് നിനക്ക് ഇഷ്ടമുള്ളത് ചേര്‍ത്ത് വയ്ക്കാം. കാരണം, കുടുംബത്തിന്റെ ജീവിതത്തിന്റെ കല്‍ഭരണികള്‍ വറ്റുമ്പോള്‍ വിറങ്ങലിച്ച് നില്‍ക്കാതെ കൂപ്പിയ കരങ്ങളുമായ് നിന്ന് അനുഗ്രഹങ്ങള്‍ സ്വന്തമാക്കാന്‍...

***ദൈവത്തോടൊപ്പം അദ്ധ്വാനിച്ചവര്‍***
***ദൈവീക സമൃദ്ധിക്ക് കാരണമാകുന്നു!***
***കല്‍ഭരണികളില്‍ വെള്ളം നിറച്ചാല്‍***
***ദൈവം ഇന്നും അല്‍ഭുതങ്ങള്‍ ചെയ്യാന്‍ തയ്യാറാണ്!***

ഫാ. ജോബി മേനോത്ത് : +91 944 7777 931